## പതിനാലാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.867 01.03.2017 ന് മറുപടിയ്ക്ക്.

### വന്യ മൃഗങ്ങൾ മൂലമുള്ള നാശനഷ്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.രാജഗോപാലൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കർണ്ണാടക വനാതിർത്തികളിൽ നിന്നും കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽപ്പെട്ട പാലാവയൽ, കൊന്നക്കാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിലേക്ക് വന്യ മൃഗങ്ങൾ ഇറങ്ങിവന്ന് വ്യാപകമായ തോതിൽ നാശനഷ്ടങ്ങൾ വരുത്തുന്നത് ശാശ്വതമായി പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ? | (എ) കർണ്ണാടക വനാതിർത്തികളിൽ നിന്നും കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽപ്പെട്ട പാലാവയൽ, കൊന്നക്കാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിലേക്ക് വന്യമൃഗങ്ങൾ ഇറങ്ങിവന്ന് വ്യാപകമായ തോതിൽ നാശനഷ്ടങ്ങൾ വരുത്തുന്നത് ശാശ്വതമായി പരിഹരിക്കാൻ ചുവടെ പറയുന്ന പ്രതിരോധ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്ക് വിഭജിച്ച് പുതുതായി രൂപം കൊണ്ട വെള്ളരിക്കുണ്ട് താലൂക്കിലെ ശിവഗിരിമ മുതൽ ഏലപ്പട്ടയം വരെ 1 കിലോമീറ്ററും, ഏലപ്പട്ടയം മുതൽ മരുതോംതട്ട് വരെ 1 കിലോമീറ്ററും, കോട്ടംചേരി മുതൽ സിസിഗേറ്റ് വരെ 0.5 കിലോമീറ്ററും നീളത്തിൽ നബാർഡ് സഹായത്തോടെ ആന പ്രതിരോധ മതിൽ നിർമ്മാണം തുടങ്ങിയിട്ടുണ്ട്. ഈ പ്രവൃത്തി ടി പാലവയൽ-കൊന്നക്കാട് പ്രദേശങ്ങളെ വന്യമൃഗ ആക്രമണങ്ങളിൽ നിന്ന് ഭാഗികമായി സംരക്ഷിക്കാൻ പര്യാപ്തമാണ്. 2013-14 സാമ്പത്തിക വർഷത്തിൽ 13.5 കിലോമീറ്ററും, 2014-15 വർഷത്തിൽ 23 കിലോമീറ്ററും, 2015-16 വർഷത്തിൽ 13 കിലോമീറ്ററും സൗരോർജ്ജ വേലി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിർമ്മിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ